# Weekly Devotions May 2016 Week -4

## The pray for mercy (കരുണക്കായുള്ള അപേക്ഷ)



വേദപുസ്തകത്തിലെ കരുണക്കായുള്ള പ്രാർത്ഥനകളെല്ലാം തന്നെ ഒരു ദൈവ പൈതലിനെ ദൈവീക കരുണയുടെ പ്രഭാവലയത്തിൽ എത്തിക്കുന്നതാണ്. യറുശലേമിന്റെ തകർച്ചയുടെ വർത്തമാനം കേട്ട നെഹമ്യാവ് തന്റെ സുരക്ഷിതമായ ജീവിതത്തെ മറന്ന് തന്റെ ജനത്തിനു വേണ്ടി പ്രാർത്ഥിക്കുന്നത് മറ്റുള്ളവരോട് കരുണ കാട്ടാത്ത കൃസ്ത്യാനികൾക്ക് ഒരു പാഠമാകട്ടെ നെഹ:(1:6-7) വരെയുള്ള വാക്യങ്ങളിൽ നിന്ന് രാവും പകലും അദ്ദേഹം യിസ്രായേൽ മക്കൾ ദൈവത്തോട് ചെയ്ത പാപം ഏറ്റു പറഞ്ഞ ് ക്ഷമ ചോദിക്കുകയും കല്പനകളും ചട്ടങ്ങളും പ്രമാണിക്കാതെ പോയത് ഏറ്റു പറഞ്ഞ് കരുണക്കായി യാചിക്കുന്നത് കാണുന്നു. ഇരുന്നു കരഞ്ഞ് ഉപവസിച്ച് പ്രാർത്ഥിക്കുന്നവൻ ദൈവത്തിന്റെ ദയയുടെ കരം കൂടെയുണ്ടെന്ന് വിശ്വസിക്കുകയും ചെയ്തു ഈ വിശ്വാസം നമുക്ക് ഉണ്ടോ.

എപ്രക്കാരം കരുണ ചൊരിയുന്നവനോട് അപേക്ഷ കഴിക്കണം എന്നുള്ളതിന് ഏറ്റവും നല്ല ഉദാഹരണമാണ് ചുങ്കക്കാരന്റേയും പരീശന്റേയും പ്രാർത്ഥന. പരീശൻ തന്നെത്തന്നെ ന്യായീകരിച്ച് അഹങ്കാരത്തോടെ പ്രാർത്ഥിച്ചപ്പോൾ ചുങ്കക്കാരൻ ദൂരത്തു നിന്ന് മാറത്തടിച്ച് കരുണക്കായി അപേക്ഷിച്ചു. ''പാപിയായ എന്നോട് കരുണ തോന്നേണമേ'' എന്ന നിലവിളി കേട്ട കർത്താവ് അവന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു.

ഒരിക്കൽ വിക്ടോറിയ രാജ്ഞിയും ഭർത്താവ് ആൽബർട്ടും തമ്മിൽ ഒരു തർക്കമുണ്ടായി. രാജ്യത്തിന്റെ നിയമപ്രകാരം ഒരു പൗരൻ എന്ന നിലയിൽ അല്ലാതെ ഭർത്താവ് എന്ന നിലയിൽ രാജ്യകാര്യങ്ങളിൽ ഇടപെട്ടതാണ് തർക്കത്തിനു കാരണമായത് അദ്ദേഹം കോപിച്ച് മുറിവിട്ട് ഇറങ്ങിപോയി കുറേ സമയം കഴിഞ്ഞ് രാജ്ഞി ഔദ്യോഗിക പരിചാരികയോടൊപ്പം ആ മുറിയുടെ വാതിൽക്കൽ എത്തി മുട്ടി വിളിച്ചു.ആരാണത് എന്ന ചോദ്യത്തിന് രാജ്ഞിയാണ് എന്ന പരിചാരികയുടെ മറുപടി കേട്ട രാജാവ് സ്വൽപ്പം കാത്തു നില്ക്കുവാനാവശ്യപ്പെട്ടു. തുടർന്നു രാജ്ഞി കതകിനു മുട്ടി അങ്ങയുടെ സ്നേഹമയിയായ ഭാര്യ എന്നു പറഞ്ഞപ്പോൾ വാതിൽ വേഗം തുറന്നു.

ഇതുപോലെ ദൈവസന്നിധിയിൽ ചെല്ലുന്ന നാം താഴ്മയുടെ മനോഭാവമുള്ളവരായിരിക്കണം. ദൈവിക കരുണക്കായുള്ള അപേക്ഷയാണ് പ്രാർത്ഥന. അല്ലാതെ നമ്മുടെ വാക്ചാതുര്യമോ, നിഗളമോ വെളിപ്പെടുത്തുന്നതല്ല പ്രാർത്ഥന. ബർത്തിമായി കരുണക്കായി യാചിച്ചപ്പോൾ വിലക്കുവാൻ ആൾ ഉണ്ടായിരുന്നു. കരുണയാവശ്യമുള്ളവന് അത് ഒരു വിഷയമായിരുന്നില്ല. അവൻ ഉറക്കെ വിളിച്ചു '' യേശുവേ ദാവീദുപുത്രാ എന്നോട് കരുണ തോന്നേണമേ എന്ന്'' എഴുന്നേറ്റു ചെല്ലുവാൻ ഗുരു ആവശ്യപ്പെട്ടപ്പോൾ പഴയകെട്ടപെട്ട വസ്തുക്കളുപേക്ഷിച്ച് പുതിയ കൃപ ലഭിപ്പാനായി അവൻ എത്തി, കരുണ പ്രാപിച്ചു.

പ്രിയരേ! കരുണ, കൃപ, ദീർഘക്ഷമ, മഹാദയ-ഉള്ള കർത്താവിനോട് കരുണക്കായി യാചിക്കാം.അവന്റെ കരുണയാൽ നമ്മുടെ പാപശാപബന്ധന

ങ്ങൾ അഴിഞ്ഞുപോകും.നിങ്ങൾ ഇന്നു തന്നെ കരുണയ്ക്കായി സ്വയം ഏല്പിക്കുമോ?

### ***പ്രാർത്ഥന***

സ്വർഗ്ഗീയ പിതാവേ ! തന്നെ സ്നേഹിക്കുന്നവർക്ക് കരുണയും സൗഖ്യവും നല്കുന്ന സ്നേഹത്തിന് നന്ദി. വിമർശിക്കുന്നവരെ ഭയക്കാതെ, താഴ്മയോടെ പാപങ്ങൾ ഏറ്റു പറഞ്ഞ് കരുണക്കായി യാചിപ്പാൻ കൃപ നൽകേണമേ. യേശുവിൻ നാമത്തിൽ തന്നെ ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind